**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4849** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനത്ത് നിന്നും മത്സ്യം ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 ന് ശേഷം മത്സ്യഫെഡ് ഇതര സംസ്ഥാനത്ത് നിന്നും മത്സ്യം ഇറക്കുമതി ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയോട് ചേർന്നു കിടക്കുന്ന തമിഴ് നാട്ടിലെ കുളച്ചൽ, തേങ്ങാപ്പട്ടണം, മുട്ടം മുതലായ സ്ഥലങ്ങളിൽ നിന്നും കേരളത്തിൽ വിപണനത്തിന് ആവശ്യാനുസരണം ലഭ്യമല്ലാത്ത വലിയ ഇനം കേര, ഓലക്കൊടി, വറ്റ മുതലായ മത്സ്യങ്ങൾ മത്സ്യഫെഡ് സംഭരിക്കാറുണ്ട്. കേരളത്തിൽ ട്രോളിംഗ് നിരോധനമുള്ള ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യലഭ്യത കുറഞ്ഞിരിക്കുമ്പോഴും കർശന ഗുണനിലവാര പരിശോധനകളോടെ കന്യാകുമാരി ജില്ലയിൽ നിന്നും മത്സ്യഫെഡ് മത്സ്യം സംഭരിക്കാറുണ്ട്. |
| (ബി) | ഇങ്ങനെ ഇറക്കുമതി ചെയ്യുന്ന മത്സ്യം കൂടിയ വിലയ്ക്ക് ജനങ്ങൾക്ക് വിൽക്കാറുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | മത്സ്യത്തിന്റെ വിലയും, കൈകാര്യ ചെലവുകളും, വളരെ ചെറിയ രീതിയിലുള്ള ലാഭവും ചേർത്താണ് മത്സ്യത്തിന്റെ വിൽപന വില മത്സ്യഫെഡ് നിശ്ചയിക്കുന്നത്. |
| (സി) | മത്സ്യ ഇറക്കുമതി സംബന്ധിച്ച് ഏതെങ്കിലും ജില്ലാ ഓഫീസർമാർക്ക് എതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | മത്സ്യ ഇറക്കുമതി സംബന്ധിച്ച് ജില്ലാ ഓഫീസർമാർക്ക് എതിരെ വിജിലൻസ് കേസ് നിലവിലില്ല. |
| (ഡി) | 2016 മുതൽ മത്സ്യഫെഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവ എത്രയെന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ഡി) | 2016 മുതൽ മത്സ്യഫെഡിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവയുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ഇ) | 2016 മുതൽ മത്സ്യഫെഡ് ഉൾപ്പെടെയുള്ള അനുബന്ധ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ട്; വിശദമാക്കാമോ; | (ഇ) | മത്സ്യഫെഡിന്റെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 2021-22 വരെ പൂർത്തിയാക്കിയിട്ടുണ്ട്. |
| (എഫ്) | മത്സ്യഫെഡിനും അനുബന്ധ സ്ഥാപനങ്ങൾക്കും സ്വന്തമായും കരാർ അടിസ്ഥാനത്തിലുമുള്ള | (എഫ്) | മത്സ്യഫെഡ് കേന്ദ്ര ഓഫീസിനും, ജില്ലാ / യൂണിറ്റ് ഓഫീസുകൾക്കുമായി നിലവിൽ ആകെ 50 വാഹനങ്ങൾ സ്വന്തമായും 2 വാഹനങ്ങൾ കരാർ |

| | | | |
|---|---|---|---|
| | വാഹനങ്ങൾ എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | | അടിസ്ഥാനത്തിലും ഉണ്ട്. ജില്ല തിരിച്ചുള്ള വാഹനങ്ങളുടെ കണക്ക് അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

| വർഷം | മത്സ്യഫെഡിന് കീഴിലുള്ള വാണിജ്യ സ്ഥാപനങ്ങൾ | ലാഭത്തിൽ പ്രവർത്തിക്കുന്നവ | നഷ്ടത്തിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|
| 2016-17 | 20 | 14 | 6 |
| 2017-18 | 21 | 13 | 8 |
| 2018-19 | 21 | 11 | 10 |
| 2019-20 | 21 | 9 | 12 |
| 2020-21 | 21 | 12 | 9 |
| 2021-22 | 24 | 13 | 11 |

<u>അനുബന്ധം-2</u>

<u>മത്സ്യഫെഡിന് സ്വന്തമായും, കരാർ അടിസ്ഥാനത്തിലുമുള്ള വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

എ) <u>മത്സ്യഫെഡിന് സ്വന്തമായുള്ള വാഹനങ്ങൾ (50 എണ്ണം)</u>

| ജില്ല | ഓഫീസിന്റെ പേര് | വാഹനങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | മത്സ്യഫെഡ് കേന്ദ്ര ഓഫീസ് | 7 |
| തിരുവനന്തപുരം | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| തിരുവനന്തപുരം | മത്സ്യഫെഡ് നെറ്റ് ഫാക്ടറി | 2 |
| തിരുവനന്തപുരം | മത്സ്യഫെഡ് ബേസ് സ്റ്റേഷൻ | 5 |
| കൊല്ലം | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| കൊല്ലം | മത്സ്യഫെഡ് കൈറ്റോസാൻ പ്ലാന്റ് | 1 |
| കൊല്ലം | മത്സ്യഫെഡ് കോമൺ പ്രീ പ്രോസസിംഗ് സെന്റർ | 11 |
| ആലപ്പുഴ | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| ആലപ്പുഴ | മത്സ്യഫെഡ് ബേസ് സ്റ്റേഷൻ, മുളക്കുഴ | 2 |
| ആലപ്പുഴ | മത്സ്യഫെഡ് ബേസ് സ്റ്റേഷൻ, കരുവാറ്റ | 1 |
| ആലപ്പുഴ | മത്സ്യഫെഡ് ബേസ് സ്റ്റേഷൻ, ചെങ്ങന്നൂർ | 1 |
| ആലപ്പുഴ | ഒബിഎം ഡിവിഷൻ | 2 |
| കോട്ടയം | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| കോട്ടയം | മത്സ്യഫെഡ് ബേസ് സ്റ്റേഷൻ | 2 |
| എറണാകുളം | മത്സ്യഫെഡ് നെറ്റ് ഫാക്ടറി | 1 |
| എറണാകുളം | മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് | 3 |
| തൃശ്ശൂർ | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 2 |
| മലപ്പുറം | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| കോഴിക്കോട് | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 2 |
| കണ്ണൂർ | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| കണ്ണൂർ | മത്സ്യഫെഡ് നെറ്റ് ഫാക്ടറി | 1 |
| കാസർഗോഡ് | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |

**<u>ബി) കരാർ അടിസ്ഥാനത്തിലുള്ള വാഹനങ്ങൾ (2 എണ്ണം)</u>**

| ജില്ല | ഓഫീസിന്റെ പേര് | വാഹനങ്ങളുടെ എണ്ണം |
|---|---|---|
| എറണാകുളം | മത്സ്യഫെഡ് ജില്ലാ ഓഫീസ് | 1 |
| ആലപ്പുഴ | മത്സ്യഫെഡ് ഒബിഎം ഡിവിഷൻ | 1 |